## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T6055 — 19/11/2019 ൽ മറുപടിക്ക്

### ശബരിമല വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**മറുപടി**

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;ആരാണ് അത് തയ്യാറാക്കിയത്; എത്ര രൂപയാണ് അതിനായി വകയിരുത്തിയിരിക്കുന്നത്; എന്തൊക്കെ പദ്ധതികളാണ് അതിനായി വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ശബരിമല വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ന്യൂഡൽഹി ആസ്ഥാനമായ ഐ.എൽ & എഫ്.എസ്.എക്കോസ്മാർട്ട് ലിമിറ്റഡ് എന്ന കമ്പനിയാണ് അത് തയ്യാറാക്കിയത്. 2007 ൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ 500 കോടി രൂപയാണ് പദ്ധതി നിർവ്വഹണത്തിനായി കണക്കാക്കിയിരുന്നത്. ശബരിമലയുടെയും ശബരിമലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെയും സമഗ്രവികസനം ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികളാണ് ശബരിമല മാസ്റ്റർ പ്ലാൻ വിഭാവന ചെയ്തിട്ടുള്ളത്. 2050 വരെയുള്ള ആസൂത്രിത വികസനം മുന്നിൽക്കണ്ടുകൊണ്ടാണ് പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ശബരിമല മാസ്റ്റർപ്ലാനിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ നിർദ്ദേശം വന്നിട്ടുണ്ടോ; എങ്കിൽ ആരാണ് നിർദ്ദേശം നല്കിയിരിക്കുന്നത്; എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് നിർദ്ദേശം നല്കിയത്; അത്തരത്തിൽ നിർദ്ദേശം നൽകിയതിന് കാരണം വ്യക്തമാക്കാമോ; | (ബി) യും (സി) യും | ബഹു സുപ്രീം കോടതിയും 2007 ൽ സംസ്ഥാന സർക്കാരും അംഗീകരിച്ച നിലവിലുള്ള മാസ്റ്റർ പ്ലാനിന് മാറ്റം വരുത്തുവാനുള്ള നിർദ്ദേശം സർക്കാരിൽ ലഭിച്ചിട്ടില്ല എന്നാൽ 2018 ലെ പ്രളയത്തെത്തുടർന്ന് ബേസ് ക്യാമ്പ് പമ്പയിൽ നിന്നും നിലക്കലേക്ക് മാറ്റിയ സാഹചര്യത്തിൽ മാസ്റ്റർ പ്ലാൻ പ്രകാരം പമ്പയിൽ നിർവ്വഹിക്കേണ്ടിയിരുന്ന പ്രവൃത്തികൾ ആവശ്യമില്ലാതായതിനാൽ അതനുസരിച്ചുള്ള പുതിയ ലെഔട്ട് പ്ലാൻ ഉന്നതാധികാര സമിതിയുടെ പരിശോധനയിലാണ്. |
| (സി) | അതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർപ്ലാനിൽ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ